സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO:93/2021/ESTA-B

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
04/01/2022

## സർക്കുലർ

**വിഷയം:-** കൊല്ലവർഷം **1197-മണ്ഡലം-** മകരവിളക്ക് മഹോൽസവം **സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച്.**

**സൂചന:-** ഈ ഓഫീസിലെ **01.01.2022-**ലെ മേൽ നമ്പർ ഉത്തരവ്.

കൊല്ലവർഷം **1197-**ലെ മണ്ഡലം-മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് ശബരിമലയിൽ ഭക്തജനത്തിരക്ക് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ **4** ക്ളാസ് ഫോർ ജീവനക്കാരെ **03.01.2022** രാവിലെ ശബരിമലയിൽ എത്തിച്ചേരത്തകവിധം സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിന് സൂചനയായി സർക്കുലർ ഉത്തരവ് നൽകിയിരുന്നതാണ്. ടി ഉത്തരവിൻ പ്രകാരം ഓരോ ഗ്രൂപ്പിൽ നിന്നും സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാരുടെ പേര് വിവരവും, ആയതിൽ റിലീവ് ചെയ്തിട്ടും സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് പോകാത്തവരുടെ പേര് വിവരവും, സഹിതം **05.01.2022** ഉച്ചയ്ക്ക് **2.00** മണിക്ക് മുമ്പായി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. കൂടാതെ ഭക്തജനത്തിരക്ക് നാൾക്ക് നാൾ വർദ്ധിച്ച് വരുന്നതിനാൽ ഡ്യൂട്ടി പോയിന്റുകളിൽ ആവശ്യത്തിന് വേണ്ട ആൾക്കാരെ നിയോഗിക്കാൻ സാധിച്ചിട്ടില്ലായെന്ന് ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ വിവിധ റിപ്പോർട്ടുകളിൽ നിരന്തരം പരാമർശിക്കുന്ന സാഹചര്യത്തിൽ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് അധികമായി ജീവനക്കാരെ നിയോഗിക്കേണ്ട അവസ്ഥ നിലവിലുള്ളതിനാൽ ഓരോ ഗ്രൂപ്പിന്റെ പരിധിയിൽ നിന്നും **5** ക്ളാസ് ഫോർ ജീവനക്കാരെ കൂടി **06.01.2022-**ന് ശബരിമലയിൽ എത്തിച്ചേർന്ന് ചുമതല ഏറ്റെടുക്കുവാൻ സാധിക്കുന്ന തരത്തിൽ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതാണ്.

ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർ യഥാസമയം വിടുതൽ ചെയ്ത് ശബരിമല ഡ്യൂട്ടിയ്ക്ക് പോയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കി ആ വിവരം യഥാസമയം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്. വ്യക്തമായ കാരണം ഇല്ലാതെ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് ഹാജരാകുവാൻ വിമുഖത കാണിക്കുന്ന ജീവനക്കാർക്കെതിരെ നിയമാനുസൃത വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്-**

1. **എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും**
2. **ഇ.ഡി.പി സെക്ഷൻ ദേവസ്വം ബോർഡ് ഓഫീസ്**
3. **സെക്ഷൻ ഫയൽ**
4. **ഫെയർ ആഫീസ് കോപ്പി**

**RA04/01**